ഉത്തരം

(എ) ഉണ്ട്.

(ബി) 25 ആർ 10. ച. മീ.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) പൊന്നുംവില നടപടികൾക്കുള്ള ചട്ടങ്ങൾക്കനുസൃതമായിട്ടാണ് വില നിശ്ചയിക്കുന്നത്. പരാതികൾകൂടി പരിഗണിക്കുന്നതാണ്.

(എഫ്) പി. ഡബ്ല്യൂ. ഡി. (കെട്ടിട വിഭാഗം) നൽകുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടങ്ങളുടെ വില നിശ്ചയിക്കുന്നത്.

(ജി) സർവ്വെ വർക്ക് പൂർത്തിയാക്കി പൊന്നുംവില നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

(എച്ച്) ഇല്ല.

കണ്ണൂർ ജില്ലയിൽ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി ലാന്റ് അക്വിസിഷൻ നടപടി

31 [1325] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വികസനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ ലാന്റ് അക്വിസിഷൻ നടപടിക്ക് നൽകിയ അപേക്ഷകൾ എത്രയാണെന്നും ഇത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ നടപടി പൂർത്തിയാക്കിയവയുടേയും പൂർത്തിയാക്കാനുള്ള വയുടേയും വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 85 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) എല്ലാ കേസ്സുകളിലും നടപടി തുടർന്നുകൊണ്ടിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly